പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.275 — 13/03/2017 ൽ മറുപടിക്ക്

**ജലസംരക്ഷണവും പരിപാലനവും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോ എബ്രഹാം<br>ശ്രീമതി ഗീതാ ഗോപി | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനം രൂക്ഷമായ ജലദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ജലസംരക്ഷണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | **എ)** ജലസംരക്ഷണത്തിനും മഴവെള്ളം സംഭരിക്കുന്നതിനും, ഭൂഗർഭജലം പരിപോഷിപ്പിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. പുതിയ കുളങ്ങൾ, തടയണകൾ മഴവെള്ള സംഭരണികൾ തുടങ്ങിയവയുടെ നിർമ്മാണം, പുന:രുദ്ധാരണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുന:രുദ്ധാരണം, കിണറുകളിൽ മേൽക്കൂര മഴവെള്ള റീചാർജ്ജിംഗ്, ഉറവിടത്തിൽ തന്നെ മഴവെള്ളം ഭൂഗർഭജലമായി മാറ്റാനുതകുന്ന പ്രവൃത്തികളായ കോണ്ടൂർ ബണ്ടിംഗ്, കോണ്ടൂർ ട്രെൻഞ്ചിംഗ്, മഴക്കുഴികൾ, തെങ്ങിനും കമുകിനും തടം തുറക്കൽ മുതലായ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. |
| **ബി)** തദ്ദേശീയമായ കൂട്ടായ്മകളിലൂടെ ജലസംരക്ഷണവും പരിപാലനവും നടത്തുന്നതിന് ഊന്നൽ നൽകുമോയെന്ന് അറിയിക്കുമോ; | **ബി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ജലസംഭരണ, പരിപാലന പ്രവർത്തനങ്ങളിൽ തദ്ദേശീയമായ കൂട്ടായ്മകളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തിവരുന്നുണ്ട്. |
| **സി)** വാട്ടർ ബജറ്റിംഗിനും ഓഡിറ്റിനും ഊന്നൽ നൽകി ജലവിഭവ പരിപാലന പദ്ധതി കാര്യക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകുമോയെന്ന് അറിയിക്കാമോ? | **സി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള, ജലസ്രോതസ്സുകളെയും സംഭരണികളെയും സംരക്ഷിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ